സി.ജി(2)12001/09

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 18.12.2009

## സർക്കുലർ നമ്പർ 61/2009

വിഷയം: സഹകരണ വകുപ്പ് – പട്ടികജാതി/പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങളുടെ വായ്പ എഴുതിതള്ളൽ പദ്ധതി – മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന:
1) 12.11.2009 ലെ സ.ഉ(അച്ചടി)100/2009/പ.ജ.പ.വ.വിവ.നമ്പർ ഉത്തരവ്.
2) സഹകരണസംഘം രജിസ്ട്രാറുടെ 9/09, 22/09, 54/09 നമ്പർ സർക്കുലറുകൾ

കേരള സംസ്ഥാനത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവ ജനവിഭാഗങ്ങൾ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.3.2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ വായ്പകൾ എഴുതിതള്ളുമെന്ന് 2009–10 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹു.ധനകാര്യമന്ത്രി പ്രഖ്യാപിച്ചിരുന്നു. അതു പ്രകാരം ടി ജനവിഭാഗങ്ങൾ എടുത്തിട്ടുള്ള വായ്പകളിൽ 25000/- രൂപവരെയുള്ളത് പലിശയും പിഴപലിശയും ഉൾപ്പെടെ എഴുതിതള്ളുമെന്നും അതിനു മുകളിലുള്ള തുകയ്ക്ക് പലിശയും പിഴപലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുമെന്നും കൂടി ധനകാര്യ മന്ത്രി പ്രഖ്യാപിച്ചിരുന്നു.

ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവ ജനവിഭാഗങ്ങൾ, സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നുമെടുത്തിട്ടുള്ള വായ്പകൾ എഴുതിതള്ളുന്നതിന് നിബന്ധനകളോടെ സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും മേൽ വിഭാഗക്കാർ എടുത്തിട്ടുള്ള വായ്പകൾ എഴുതിതള്ളുന്നതിന് സൂചന (1) ഉത്തരവിലെ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 31.3.2006 ൽ തിരിച്ചടവു കാലാവധി കഴിഞ്ഞ 25000/- രൂപയിൽ താഴെയുള്ള വായ്പകളിൽ മുതലും സ്ഥാപനങ്ങൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകാനുള്ള പലിശയും ഉൾപ്പെടെ 25000/- രൂപ വരെ സർക്കാർ വഹിക്കുന്നതാണ്. ഇതിന് മുകളിൽ വരുന്ന പലിശ, പിഴപലിശ, മറ്റ് ചെലവുകൾ എന്നിവ അതാത് സ്ഥാപനങ്ങൾ എഴുതിതള്ളേണ്ടതാണ്. ശേഷിക്കുന്ന തുകയുണ്ടെങ്കിൽ അത് വായ്പക്കാരന്റെ ബാദ്ധ്യതയായിരിക്കും.

2. 25000/- രൂപയ്ക്ക് മുകളിലുള്ളതും കുടിശ്ശികയായിട്ടുള്ളതുമായ വായ്പകളിൽ മുതലും, സ്ഥാപനങ്ങൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകാനുള്ള പലിശയും ഉൾപ്പെടെ 25000/- രൂപവരെ സർക്കാർ വഹിക്കുന്നതാണ്. ഇതിനു മുകളിൽ വരുന്ന പിഴപലിശ, വായ്പ ഈടാക്കാനുണ്ടായിട്ടുള്ള ചെലവ്, മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകേണ്ട പലിശയിൽ കൂടുതലായി സ്ഥാപനം ഈടാക്കിയിട്ടുള്ള പലിശ എന്നിവ അതാത് സ്ഥാപനങ്ങൾ എഴുതിതള്ളേണ്ടതാണ്. ശേഷിക്കുന്ന തുക വായ്പക്കാരന്റെ ബാദ്ധ്യതയായിരിക്കും.
3. വായ്പക്കാരന്റെ വാർഷിക വരുമാന പരിധി 1.50 ലക്ഷം രൂപയായിരിക്കും.
4. 31.3.2009 വരെയുള്ള പലിശ സർക്കാരിൽ നിന്നുള്ള നഷ്ട പരിഹാരത്തിന് കണക്കാക്കാവുന്നതാണ്. പദ്ധതിയിൽ ഉൾപ്പെട്ട് തീർപ്പാക്കുന്ന വായ്പകളിൽ 1.4.2009 ന് ശേഷം പലിശയോ പിഴപലിശയോ ഈടാക്കാവുന്നതല്ല.
5. ഇതുമൂലമുണ്ടാകുന്ന നഷ്ടപരിഹാരം മൂന്ന് വർഷം കൊണ്ട് സർക്കാരിൽ നിന്നും ബന്ധപ്പെട്ട സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നൽകുന്നതാണ്.
6. ഒരു ഗുണഭോക്താവിന്റെ ഒരു വായ്പ മാത്രമേ ഈ പദ്ധതി പ്രകാരം പരിഗണിക്കപ്പെടുകയുള്ളു.
7. വായ്പക്കാരൻ വായ്പ എടുത്ത സമയത്ത് അപേക്ഷയോടൊപ്പം ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, എന്നിവ ഹാജരാക്കിയിട്ടില്ലാത്ത പക്ഷം അവ ഹാജരാക്കേണ്ടതാണ്.

ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമകളിൽ ബന്ധപ്പെട്ട സംഘങ്ങൾ/ബാങ്കുകൾ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ പട്ടികജാതി/പട്ടിക വർഗ്ഗ/പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങൾക്ക് പ്രത്യേകം പ്രത്യേകം പട്ടിക തയ്യാറാക്കി 5.1.2010 ന് മുൻപായി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)ക്ക് സമർപ്പിക്കേണ്ടതും, ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ടി പട്ടികകളുടെ രണ്ട് പകർപ്പുകൾ 10.1.2010 ന് മുൻപായി ടിയാന്റെ ശുപാർശയോടെ സഹകരണസംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്.

25000/- രൂപയിൽ താഴെയുള്ള വായ്പകൾക്കും, 25000/- രൂപക്ക് മുകളിലുള്ള വായ്പകൾക്കും പ്രത്യേകം പ്രത്യേകം പട്ടിക തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

ഗുണഭോക്താവിന്റെ പേരിലുള്ള ഒരു വായ്പക്ക് മാത്രമേ ടി പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുകയുള്ളുവെന്നതിനാൽ, ഒന്നിൽ കൂടുതൽ വായ്പകൾ എടുത്തിട്ടുള്ളവർ തന്റെ പേരിലുള്ള ഏത് വായ്പയാണ് ആനുകൂല്യത്തിനായി പരിഗണിക്കേണ്ടതെന്ന് ബന്ധപ്പെട്ട സംഘത്തിൽ/ബാങ്കിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ടി അപേക്ഷയിൽ തന്റെ പേരിൽ ഏതൊക്കെ സംഘത്തിലാണ് വായ്പയുള്ളത് എന്നും, തിരിച്ചടക്കാൻ ബാക്കിനിൽക്കുന്ന തുകയെത്രയാണെന്നും ആനുകൂല്യത്തിനായി

തെരഞ്ഞെടുത്ത വായ്പ ഏതാണെന്നും, വ്യക്തമാക്കിയിരിക്കണം. ടി അപേക്ഷയുടെ പകർപ്പ് ടിയാൻ ബന്ധപ്പെട്ട താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ ജനറലിനും പരിശോധനക്കായി നൽകിയിരിക്കണം. ടിയാന്റെ പേരിലുള്ള ഒരു വായ്പക്ക് മാത്രമേ ആനുകല്യം ലഭിക്കുന്നുള്ളുവെന്ന് ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) പട്ടിക പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

ടി നിർദ്ദേശം സഹകരണ സംഘങ്ങളുടെയും ബാങ്കുകളുടേയും ശ്രദ്ധയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അടിയന്തിരമായി കൊണ്ടുവരേണ്ടതാണ്.

ഒപ്പ്
റാണിജോർജ്ജ്.ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:-

1. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) & (ആഡിറ്റ്) മാർക്കും
2. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്/ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്
3. ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
4. എല്ലാ ജില്ലാ ബാങ്ക് ജനറൽ മാനേജർമാർക്കും, ജോയിന്റ് രജിസ്ട്രാർ/ കൺകറന്റ് ആഡിറ്റർമാർക്കും
5. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) & (ആഡിറ്റ്) മാർക്ക് (ജോയിന്റ് രജിസ്ട്രാർ മുഖേന)
6. സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ, പ്രാഥമിക പട്ടികജാതി/പട്ടിക വർഗ്ഗ സംഘങ്ങൾ (ജോയിന്റ് രജിസ്ട്രാർ മുഖേന)
7. അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർമാർ - പ്രാഥമിക സഹകരണകാർഷിക ഗ്രാമവികസന ബാങ്ക് (ജോയിന്റ് രജിസ്ട്രാർ മുഖേന)
8. എഡിറ്റർ - സഹകരണ വീഥി/സഹകരണ ജേർണൽ
9. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
10. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
11. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

(ഒപ്പ്)

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)

# പ്രൊഫോർമ - ഫിനാൻസിംഗ് ബാങ്കിന്റെ ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്തത്

സംഘത്തിന്റ/ബാങ്കിന്റ പേര് :

| ക്രമ നം | വായ്പക്കാരന്റെ പേര് | വായ്പക്കാരന്റെ സമുദായം SC/ST/CC | വായ്പക്കാരന്റെ മേൽവിലാസം | പലിശ നിരക്ക് | | | | | സർക്കാർ ബാദ്ധ്യത | | | സംഘം/ബാങ്ക് ബാദ്ധ്യത | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | സംഘത്തിന്/ബാങ്കിന് ലഭിക്കേണ്ടത് | സംഘം/ബാങ്ക് ഫിനാൻസിങ്ങ് ബാങ്കിന് നൽകേണ്ടത് | വായ്പാ നമ്പർ | അസ്സൽ മുതൽ തുക | 31.3.2008 ലെ കുടിശ്ശിക തുക | 31.3.2008 ലെ കുടിശ്ശിക മുതൽ | 31.3.08 ൽ കുടിശ്ശിക പലിശ ഫിനാൻസിംഗ് ബാങ്കിന് നൽകേണ്ടത് | ആകെ | ഫിനാൻസിംഗ് ബാങ്കിന്റെ പലിശ നിരക്കിനുപരിയായി ഈടാക്കിയ പലിശ തുക | പിഴപലിശ | മറ്റ് ചിലവുകൾ | സംഘത്തിന്റെ ആകെ ബാദ്ധ്യത | വായ്പക്കാരന്റെ വാർഷിക വരുമാനം (വില്ലേജ് ആഫീസർ സാക്ഷ്യപ്പെടുത്തിയത്) |
| | | | | | | | | | | | | | | | | |

സഹകരണസംഘം ഇൻസ്പെക്ടർ, പേര് ഒപ്പ് സംഘം/ബാങ്ക് സെക്രട്ടറി. പേര് ഒപ്പ്

താലൂക്ക് അസി.രജിസ്ട്രാർ (ജനറൽ) പേര് ഒപ്പ് സംഘം/ബാങ്ക് പ്രസിഡന്റ് പേര് ഒപ്പ്

ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) പേര് ഒപ്പ്

## പ്രൊഫോർമ – സ്വന്തം ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്തത്

സംഘത്തിന്റെ/ബാങ്കിന്റെ പേര് :

| ക്രമ നം | വായ്പക്കാരന്റെ പേര് | വായ്പക്കാരന്റെ സമുദായം SC/ST/CC | വായ്പക്കാരന്റെ മേൽവിലാസം | പലിശ നിരക്ക് | | | | | സർക്കാർ ബാദ്ധ്യത | | | സംഘം/ബാങ്ക് ബാദ്ധ്യത | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | സംഘത്തിന്/ബാങ്കിന് ലഭിക്കേണ്ടത് | വായ്പാ കാലാവധിക്കുള്ള നിക്ഷേപത്തിനു പലിശ | വായ്പാ നമ്പർ | അനുവദിച്ച മുതൽ തുക | 31.3.2008 ലെ കുടിശ്ശിക തുക | 31.3.2008 ലെ കുടിശ്ശിക മുതൽ | 31.3.08 ലെ കുടിശ്ശിക പലിശ നിക്ഷേപത്തിനു നൽകേണ്ടത് | ആകെ | നിക്ഷേപ പലിശ നിരക്കിനുപരിയായി വായ്പക്ക് ഈടാക്കിയ പലിശ തുക | പിഴപ്പലിശ | മറ്റ് ചിലവുകൾ | സംഘത്തിന്റെ ആകെ ബാദ്ധ്യത | വായ്പക്കാരന്റെ വാർഷിക വരുമാനം (വില്ലേജ് ആഫീസർ സാക്ഷ്യപ്പെടുത്തിയത്) |
| | | | | | | | | | | | | | | | | |

സഹകരണസംഘം ഇൻസ്പെക്ടർ, പേര് ഒപ്പ് സംഘം/ബാങ്ക് സെക്രട്ടറി. പേര് ഒപ്പ്

താലൂക്ക് അസി.രജിസ്ട്രാർ (ജനറൽ) പേര് ഒപ്പ് സംഘം/ബാങ്ക് പ്രസിഡന്റ് പേര് ഒപ്പ്

ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) പേര് ഒപ്പ്